**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ല — പത്തനാപുരം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എസ്. സുരേഷ് കുമാറിനെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1056/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 16.04.2018

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.05.2016-ലെ ഇ 2(എസ് സി 01/16/കൊല്ലം) 39669/2015 നമ്പർ കത്ത്

2. സർക്കാരിന്റെ 28.11.2016-ലെ ഇപിബി2/158/2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

3. ശ്രീ. എസ്. സുരേഷ് കുമാർ സമർപ്പിച്ച 27.02.2017-ലെ എതിർവാദ പത്രിക

**ഉത്തരവ്**

പത്തനാപുരം ഗ്രാമപഞ്ചായത്തിലെ കല്ലും കടവ് എന്ന സ്ഥലത്തെ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അന്വേഷണത്തിൽ പത്തനാപുരം ഗ്രാമപഞ്ചായത്തിൽ ശ്രീ. ഷെഫീക്ക്, ശ്രീ. സലിം എന്നിവർ ബിൽഡിംഗ് പെർമിറ്റിൽ അനുവദിച്ച വ്യവസ്ഥകൾ ലംഘിച്ച് കെട്ടിട നിർമ്മാണം നടത്തിയതായി ലഭിച്ച പരാതിയെത്തുടർന്ന് ; ബന്ധപ്പെട്ട ഓവർസീയർ ടി വിഷയത്തിൽ അന്വേഷണം നടത്തി അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് റിപ്പോർട്ട് നൽകിയെങ്കിലും ആയതിനെതിരെ സെക്രട്ടറി ശ്രീ. എസ്. സുരേഷ് കുമാർ യാതൊരുവിധ നടപടികളും കൈക്കൊണ്ടിട്ടില്ലായെന്ന് കണ്ടെത്തുകയുണ്ടായി. തുടർന്ന് സെക്രട്ടറി ശ്രീ. സുരേഷ് കുമാറിനെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുവാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാന് കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ചെങ്കിലും ശ്രീ. സുരേഷ് കുമാർ 31.03.2016-ൽ സേവനത്തിൽനിന്ന് വിരമിച്ചിട്ടുള്ളതിനാൽ കുറ്റപത്രം പിൻവലിച്ച് ടിയാന്റെ പെൻഷനിൽ നിന്ന് 3 വർഷത്തേക്ക് 500/-രൂപ വീതം കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. സുരേഷ് കുമാർ ലഭ്യമാക്കിയ മറുപടിയിൽ ടി കെട്ടിട പെർമിറ്റ് നൽകിയതും കെട്ടിട നമ്പർ നൽകിയതും താൻ സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്ന കാലത്തല്ലായെന്നും സെക്രട്ടറിയായി താൻ ജോലിയിൽ പ്രവേശിച്ചതിനു

ശേഷം തഹസീൽദാർ സ്ഥലം നിശ്ചയിച്ച് തോട്ടം പുറമ്പോക്കം കയ്യേറിയിട്ടുണ്ടെങ്കിൽ ആയത് തരം ചെയ്ത് ലഭിച്ചതാണെങ്കിൽ കെട്ടിടത്തിന് നൽകിയിട്ടുള്ള നമ്പർ ക്യാൻസൽ ചെയ്യും കയ്യേറിയ ഭാഗം പൊളിച്ചുമാറ്റുന്നതിനും നടപടി സ്വീകരിക്കുമായിരുന്നുവെന്നും എന്നാൽ താൻ വിരമിക്കുന്ന 31.03.2016 വരെ തഹസീൽദാറിൽ നിന്നും റിപ്പോർട്ട് ലഭിച്ചിരുന്നില്ലായെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ. സലീം പഞ്ചായത്തിൽ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ. ഷെഫീക്കിന് ടിൻ ഷീറ്റ് മുന്നിലിറക്കിയത് മാറ്റുന്നതിന് മാത്രം നോട്ടീസ് കൊടുക്കുന്നത് ഉചിതമായ നടപടിയല്ലെന്നും പത്തനാപുരം തഹസീൽദാരുടെ റിപ്പോർട്ട് കിട്ടുമെങ്കിൽ ആയത് കൂടി ഉൾപ്പെടുത്തി നോട്ടീസ് കൊടുക്കാമെന്നായിരുന്നു ലക്ഷ്യമെന്നും പണിപൂർത്തീകരിച്ച ഒരു കെട്ടിടത്തിന് ആദ്യം മുന്നിലിറക്കിയ ടിൻ ഷീറ്റ് നീക്കം ചെയ്യുന്നതിന് നോട്ടീസ് കൊടുത്തിട്ട് രണ്ടാം ദിവസം കെട്ടിടഭാഗം പൊളിച്ച മാറ്റുന്നതിന് നോട്ടീസ് കൊടുക്കുന്നത് ഒരു ആവശ്യമല്ലെന്ന് തോന്നിയത് കൊണ്ടാണ് ടിൻഷീറ്റ് മാത്രം മാറ്റുവാൻ നോട്ടീസ് കൊടുക്കാതിരുന്നത് എന്നുമാണ് ബോധിപ്പിച്ചിട്ടുള്ളത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ, ശ്രീ. സുരേഷ് കുമാറിന് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ സമർപ്പിച്ച എതിർവാദ പത്രികയിൽ ആരോപണങ്ങളെല്ലാം നിഷേധിച്ചിട്ടുണ്ട്. ആയതിനാൽ ടി വിഷയത്തിൽ ടിയാനെതിരെ ഔപചാരിക അന്വേഷണംനടത്തേണ്ടതുണ്ടെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം പത്തനാപുരം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എസ്. സുരേഷ് കുമാറിനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
2. ശ്രീ. എസ്. സുരേഷ് കുമാർ, മുൻ സെക്രട്ടറി, പത്തനാപുരം ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, പത്തനാപുരം ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/158/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ